ളുടെ സംയുക്തറെയ്ഡുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ "ക്രൈം സ്റ്റോപ്പർ" മുഖേന ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലും കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്. ഇതിനും പുറമെ ജില്ലാ തലത്തിലും ബ്ലോക്കുതലത്തിലും ജനകീയകമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്.

(ബി) എക്സൈസ് ഉദ്യോഗസ്ഥന്മാരുടെ ഈ രംഗത്തുള്ള പ്രവർത്തനം വിലയിരുത്തുകയും കാര്യക്ഷമമായി പ്രവർത്തിക്കാത്ത ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ രണ്ട് എക്സൈസ് ഇൻസ്പെക്ടർമാരെ സസ്പെന്റ് ചെയ്യുകയും രണ്ട് പ്രിവന്റീവ് ഓഫീസർമാരെയും 4 ഗാർഡുമാരെയും ജില്ല വിട്ട് സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ആകെ 20 മരണം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ഇ) വ്യാജവാറ്റു തടയുന്നതിന് ഫലപ്രദമായ സംവിധാനം ഇപ്പോൾതന്നെ നിലവിലുണ്ട്. ആയതിനാൽ ഇതിന് പ്രത്യേക കൺട്രോൾ റൂം ആരംഭിക്കണമെന്ന് കരുതുന്നില്ല.

(എഫ്) വ്യവസ്ഥ ഇപ്പോൾതന്നെ നിലവിലുണ്ട്.

(ജി) 1997-98-ൽ 4892 കേസുകളും

1998-99-ൽ 3906 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

13 (*73) കൃഷിനാശം

ശ്രീ. എൻ. കണ്ണൻ :

ശ്രീ. എം.പി. വർഗ്ഗീസ് :

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പേമാരിയിലും വെള്ളപ്പൊക്കത്തിലും ഇപ്പോൾ എന്തൊക്കെ കൃഷിനാശങ്ങൾ ഉണ്ടായിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) കാലാകാലങ്ങളിലുണ്ടാകുന്ന ഇപ്രകാരമുള്ള കൃഷി നാശം തടയുന്നതിന് സർക്കാർ എന്തൊക്കെ ദീർഘകാല മുൻകരുതൽ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മഴയെത്തുടർന്ന് ഓരോ ജില്ലയിലും ഉണ്ടായിട്ടുള്ള കൃഷി നാശങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) കൃഷി നാശനഷ്ടങ്ങൾക്ക് കൃഷിവകുപ്പ് എന്തൊക്കെ അടിയന്തിര സഹായ നടപടികൾ നൽകാൻ ഉദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഇ) കാർഷിക വിളകളും മറ്റും നഷ്ടപ്പെട്ട കൃഷിക്കാർക്ക് എന്തെല്ലാം സാമ്പത്തികസഹായമാണ് കൃഷി വകുപ്പ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) 1999-ലെ തെക്ക് പടിഞ്ഞാറൻ കാലവർഷത്തിലെ വെള്ളപ്പൊക്കം മൂലം സംസ്ഥാനത്ത് ആകെ 964.0 ലക്ഷം രൂപയുടെ കൃഷി നാശം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. വിള തിരിച്ചുള്ള വിശദാംശം അനുബന്ധം I-ൽ ചേർത്തിട്ടുണ്ട്.†

(ബി) കാലാകാലങ്ങളിലുണ്ടാകുന്ന കൃഷിനാശം തടയുന്നതിന് ബണ്ടുകൾ പുതുക്കി പണിയുക, എൻജിൻ തറകൾ നന്നാക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ കണ്ടിജെൻസി പദ്ധതി മുഖേന വീണ്ടും കൃഷി ഇറക്കുന്നതിന് വിത്ത്, തൈകൾ എന്നിവ സൗജന്യമായി നൽകി വരുന്നു.

(സി) കൃഷിനാശം ഉണ്ടായതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം II-ൽ കൊടുത്തിരിക്കുന്നു.†

(ഡി) കൃഷിഭവൻ മുഖേന കൃഷിനാശം സംഭവിച്ച കർഷകരിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് പരിശോധിച്ച്, ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധനസഹായം വിതരണം ചെയ്യുന്നതാണ്. കൃഷിനാശത്തെ തുടർന്ന് പുനർ കൃഷിക്ക് ആവശ്യമായ വിത്തും പാടശേഖരങ്ങൾ നശിച്ചതിന് പുനർനിർമ്മാണത്തിനുള്ള സാമ്പത്തിക സഹായവും നൽകുന്നുണ്ട്.

(ഇ) കൃഷി സംരക്ഷണ പ്രവർത്തനങ്ങൾക്കും, കൃഷി ഇറക്കുന്നതിനും സാമ്പത്തികസഹായം നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

14 (*74) ബാങ്കുകളിൽ ക്രഡിറ്റ്-ഡെപ്പോസിറ്റ് റേഷ്യോ

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. പാലോട് രവി :

ശ്രീ. ബി. വിജയകുമാർ :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാങ്കുകളുടെ ക്രഡിറ്റ്-ഡെപ്പോസിറ്റ് റേഷ്യോ എത്രയാണ്;

(ബി) ബാങ്കുകൾ സമാഹരിക്കുന്ന തുകയിൽ നിന്നും വായ്പ നൽകുന്നതിൽ സംസ്ഥാനത്ത് കുറവുണ്ടാകാൻ കാരണമെന്തെന്ന് പഠനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അതു സംബന്ധിച്ച വിശദവിവരങ്ങൾ നൽകുമോ; ഇത്തരം പഠനം നടത്താത്ത പക്ഷം അതേപ്പറ്റി പഠനം നടത്തുമോ;

(ഡി) ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ബാങ്കുകൾ കൂടുതൽ വായ്പ നൽകാൻ ആവശ്യമായ സംവിധാനം നടപ്പിലാക്കാൻ നടപടിയെടുക്കുമോ;

(ഇ) ബാങ്കുകൾ സൂക്ഷിക്കേണ്ട കരുതൽ ധനത്തിന്റെ അനുപാതം അരശതമാനം കണ്ട് കുറച്ചതിന്റെ പ്രയോജനം സംസ്ഥാനത്തിന് കിട്ടുവാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly